# ദുബായിലെ ലോക സർക്കാർ ഉച്ചകോടി 2024-നോട് അനുബന്ധിച്ച് മഡഗാസ്കർ പ്രസിഡന്റുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

ഫെബ്രുവരി 14, 2024

ദുബായിലെ ലോക സർക്കാർ ഉച്ചകോടിയോട് അനുബന്ധിച്ച് മഡഗാസ്കർ പ്രസിഡന്റ് ശ്രീ. ആൻഡ്രി റജോലിനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. രണ്ടു നേതാക്കളും തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച ആയിരുന്നു ഇത്.

2. ഇരു രാജ്യങ്ങളും തമ്മിലുള്ള ദീർഘകാല സൗഹൃദവും പുരാതന ഭൂമിശാസ്ത്രപരമായ ബന്ധങ്ങളും ഇരു നേതാക്കളും പങ്കുവച്ചു. ഉഭയകക്ഷി ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗങ്ങൾ ഇരുവരും ചർച്ച ചെയ്യുകയും യുഎൻ ഉൾപ്പെടെ വിവിധ ബഹുരാഷ്ട്ര വേദികളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത സഹകരണത്തെ അഭിനന്ദിക്കുകയും ചെയ്തു.

3. ഇന്ത്യയും മഡഗാസ്കറും തമ്മിലുള്ള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മേഖലയിലെ എല്ലാവരുടെയും സുരക്ഷയ്ക്കും വളർച്ചയ്ക്കുമുള്ള വിഷൻ സാഗറിനുമുള്ള ഇന്ത്യയുടെ പ്രതിബന്ധത പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഒരു സഹ വികസ്വര രാജ്യം എന്ന നിലയിൽ മഡഗാസ്കറിന്റെ വികസന യാത്രയിൽ ഇന്ത്യ ഒരു പ്രതിബദ്ധതയുള്ള പങ്കാളി ആയിരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

**ദുബായ്**
**ഫെബ്രുവരി 14, 2024**